II ഇ.ബി. XII കേരള നിയമസഭ/IX-12

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

37(*421) ബസ് ചാർജ്ജ് വർദ്ധന

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യു ടി.തോമസ്) നൽകിയ മറുപടിയിൽ, പുതിയ 1000 ബസ്സുകൾ നിരത്തിലിറക്കി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള വികസനം ഉറപ്പാക്കുകയും ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുകയും മറ്റും ചെയ്തതുമൂലം ഇപ്പോൾ സർവ്വീസ് ഓപ്പറേഷൻ ലാഭകരമായാണ് നടക്കുന്നതെന്ന് സഭയെ അറിയിച്ചു. പെൻഷൻ, മുൻകാലത്ത് കൊടുത്തു തീർക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ, മോട്ടോർ വാഹന നഷ്ടപരിഹാര കേസ്സുകളിന്മേലും ഇൻഡ്യൻ ഓയിൽ കമ്പനിക്കും കൊടുത്തുതീർക്കേണ്ട ബാദ്ധ്യതകൾ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്ന് കടം വാങ്ങിയ തുകയും പലിശയും തിരിച്ചടയ്ക്കേണ്ട ബാദ്ധ്യതകൾ തുടങ്ങിയവ ഓരോ മാസവും കൊടുത്തുതീർക്കേണ്ട സാഹചര്യത്തിൽ ചാർജ്ജ് വർദ്ധനവ് നടപ്പാക്കിയശേഷവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വരവിനേക്കാൾ

ശരാശരി 16.70 കോടി രൂപ പ്രതിമാസം കൂടുതലായി ചെലവു വരുന്നുണ്ട്. ഓരോ വർഷവും 1000 ബസ്സുകൾ നിരത്തിലിറക്കിയും 5000 തൊഴിലാളികൾക്ക് നിയമനം നൽകി കാര്യക്ഷമത ഉറപ്പുവരുത്തിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. പാഴ്ച്ചെലവുകൾ കുറച്ചും കൂടുതൽ ഇന്ധനക്ഷമത കൈവരിച്ചും ടയർലൈഫ് ഗണ്യമായി വർദ്ധിപ്പിച്ചും മെച്ചപ്പെട്ട സ്പ്രിംഗ് ലീഫുകളും മറ്റ് സ്പെയർപാർട്ടുകളും ഉപയോഗിച്ചും ചെലവ് പരമാവധി കുറച്ച് നഷ്ടം കുറയ്ക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേരളത്തിൽ 59 സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ളക്സ്-കം-ബസ് സ്റ്റേഷൻ സ്ഥാപിച്ച് ജനങ്ങൾക്ക് യാത്രാസൗകര്യം വർദ്ധിപ്പിക്കാനും ഈ വരുമാനം കൊണ്ട് സർവ്വീസിതര ചെലവുകൾ നിർവ്വഹിക്കാനുമാണ് ഉദ്ദേശിക്കുന്നത്. അങ്കമാലിയിൽ ഒരു ഷോപ്പിംഗ്-കോംപ്ളക്സ്-കം- ബസ് സ്റ്റേഷൻ ആരംഭിച്ചുകഴിഞ്ഞു, കോഴിക്കോടും തിരുവനന്തപുരത്തും അതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു, മലപ്പുറത്ത് സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതാണ്. പെട്രോൾ ഡീസൽ വില 14 ശതമാനമായി കുറയുന്ന മുറയ്ക്ക് നാട്പാകുമായി ആലോചിച്ച് ബസ് ചാർജ്ജ് കുറയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ദീർഘദൂര സർവ്വീസുകൾ ലാഭകരമാക്കുന്നതിന് ടെലസ്കോപ്പിക് പാറ്റേൺ ഓഫ് ഫെയർ ചാർജ്ജ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാങ്ങിയ ഡീസലിന്റെ തുകയും കുടിശ്ശികയുണ്ടായിരുന്നതിൽ 46.29 കോടി രൂപയും കൊടുത്തുതീർത്തു. രണ്ടര കൊല്ലത്തിനിടയ്ക്ക് ധനസഹായമായി 245 കോടി രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി 25.70 കോടി രൂപയും കൊടുത്തിട്ടുണ്ട്.

ജീവനക്കാരുടെ സംഘടനാപ്രതിനിധികളുമായി ചർച്ച ചെയ്ത് പേ-റിവിഷൻ കരാർ ഒപ്പിടുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്; അതിനായി 6.5 കോടി രൂപ അധിക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പളപരിഷ്കരണം നടപ്പിലാകുന്ന മുറയ്ക്ക് എം-പാനൽ ജീവനക്കാരുടെ വേതനവും വർദ്ധിപ്പിക്കുന്നതാണ്. ജീവനക്കാരിൽ നിന്ന് ഈടാക്കുന്ന വിഹിതം അതാത് സാമ്പത്തികസ്ഥാപനങ്ങളിൽ അടയ്ക്കാൻ നിർദ്ദേശം നൽകുന്നതാണ്. പെൻഷൻകാരുടെ പ്രോവിഡന്റ് ഫണ്ട് കൊടുക്കാനായി എല്ലാ മാസവും 9 കോടി രൂപ നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1983 മുതൽ 1991 വരെയുള്ള മുഴുവൻ പെൻഷൻ കുടിശ്ശികയും കൊടുത്തുതീർത്തു. എം.എ.സി.ടി. കേസ്സുകളിന്മേൽ 75 കോടി രൂപ കൊടുക്കാനുണ്ട്. നിയമവ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ റൂട്ട് പെർമിറ്റുകൾ നൽകാവൂ എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് മാത്രമേ തീരെ ലാഭകരമല്ലാത്ത റൂട്ടുകൾ പുന:ക്രമീകരിക്കാവൂ എന്ന് നിർദ്ദേശം കൊടുക്കുന്നതാണ്. ലാഭകരമായി ഓടുന്ന സർവ്വീസ്സുകൾ നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഡീസലിന് പകരം എൽ.എൻ.ജി. ഉപയോഗിക്കുന്നതു സംബന്ധിച്ച് റഷ്യൻ ഗവണ്മെന്റുമായി നേരിട്ട് ബന്ധപ്പെടുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയതായി വാങ്ങിയ ബസ്സുകൾക്ക് ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്. ഇനി വാങ്ങുന്ന സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്കും ഇൻഷ്വറൻസ് എടുക്കാൻ തീരുമാനമായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കാൻ നടപടി

സ്വീകരിക്കുന്നതാണ്. ഇ.പി.കെ.എം. മെച്ചപ്പെടുന്ന മുറയ്ക്ക് പിറവത്ത് കൂടുതൽ ബസ് സർവ്വീസ് നടത്തുന്നതാണ്. പട്ടാമ്പി ബസ് സ്റ്റേഷനെ ഓപ്പറേറ്റീവ് സ്റ്റേഷനായി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്. തീർത്ഥാടനകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ സർവ്വീസ്സുകൾ ആരംഭിക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യത അനുസരിച്ച് കൂത്തുപറമ്പിൽ കൂടുതൽ സർവ്വീസ് നടത്തുന്നതിനെയും മൂന്നാർ ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോയായി ഉയർത്തുന്നതിനെയും തലപ്പാടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനെയും കുറിച്ച് പരിശോധിക്കുന്നതാണ്. സ്ഥലമെടുപ്പു മായി ബന്ധപ്പെട്ട ഹൈക്കോടതിയിലെ കേസ് എത്രയും വേഗം തീർപ്പാക്കി ഈഞ്ചക്കൽ ബസ് ടെർമിനൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

38(*422) <u>കുട്ടനാട് പാക്കേജ്</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, കുട്ടനാട് പാക്കേജ് അനുസരിച്ച് പതിനേഴ് പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 50 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് വരുന്ന 28 ബൃഹത് പദ്ധതികളുടെ ഭാഗമായി 663 പ്രോജക്ടുകൾ ഈ പാക്കേജനുസരിച്ച് നടപ്പാക്കേണ്ടതുണ്ട്. മുഖ്യമന്ത്രി ചെയർമാനായി കുട്ടനാട് പ്രോസ്പെരിറ്റി കൗൺസിലും ചീഫ്സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയും എ.പി.സി. ചെയർമാനായി ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്പെഷ്യൽ ഓഫീസറെയും ഇതിനായി നിയോഗിച്ചിട്ടുണ്ട്. ഇതുവരെ 271 കോടി രൂപയുടെ

പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കുകയും ചെന്നൈ ഐ.ഐ.ടി.-യിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ജല റെഗുലേഷനുമായി ബന്ധപ്പെട്ട ശാസ്ത്രീയ വശങ്ങൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 112 കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചിരിക്കുന്നത്. ഈ പദ്ധതിയിൻകീഴിൽ കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, കാർഷിക യൂണിവേഴ്സിറ്റി എന്നിവ സംബന്ധിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ തയ്യാറാക്കാനും ഇറിഗേഷനുമായി ബന്ധപ്പെട്ട സാധ്യതാ പഠനം നടത്താൻ ചെന്നൈ ഐ.ഐ.ടി.-യെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സി.ഡബ്ളിയു.ഡി.ആർ.ഡി.എം, കാർഷിക യൂണിവേഴ്സിറ്റി എൻജിനീയറിംഗ് വിഭാഗം, കേരളാ എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുമായും കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. മൂന്നു മാസത്തിനകം പ്രോജക്ടുകൾ സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ആക്കണമെന്ന സ്വാമിനാഥൻ കമ്മിഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 2009 ജനുവരി 30-ാം തീയതി ഡോ. സ്വാമിനാഥനുമായി ജനപ്രതിനിധികളും കർഷക പ്രതിനിധികളും ആലപ്പുഴയിൽ വച്ച് ചർച്ച ചെയ്ത് ഇതു സംബന്ധിച്ച് ക്ളാരിഫിക്കേഷൻ വരുത്തുന്നതാണ്. കുട്ടനാട് മേഖലയിലെ വിളവെടുപ്പുമായി ബന്ധപ്പെട്ട് യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി കാർഷിക കലണ്ടർ രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കുട്ടനാട്ടിലെ പാരിസ്ഥിതിക ഘടകങ്ങൾ മുഴുവൻ പരിശോധിച്ച് കായൽ സംരക്ഷണമടക്കമുള്ളവയ്ക്ക് പരിഹാരം കാണുന്നതാണ്. കുട്ടനാട് പാക്കേജ് നടപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ കേരള ഗവണ്മെന്റിന്റെ ഭാഗത്തു നിന്ന് യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല

കുട്ടനാട് മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതിയിൽ നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനായുള്ള കോ-ഓർഡിനേറ്ററായി ഒരു ഐ.എഫ്.എസ്. ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മങ്കൊമ്പിൽ ഒരു പ്രോജക്ട് സെൽ രൂപീകരിക്കുകയും ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും സൈറ്റ് ഓഫീസ് ഉൽഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

39 (*423&*432) <u>വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി പുതിയ ട്രാഫിക് നിയമം</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്കടുത്ത് വാഹനങ്ങളുടെ വേഗത നിജപ്പെടുത്തിയിട്ടുണ്ടെന്നും ട്രാഫിക് നിയമ ലംഘനങ്ങൾക്കുള്ള കോമ്പൗണ്ടിംഗ് ഫീസ് ഗണ്യമായി വർദ്ധിപ്പിക്കു വാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിദ്യാർത്ഥി സമൂഹത്തിന് റോഡ് സുരക്ഷയെ ക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിനും റോഡ് സേഫ്റ്റി ക്ലബ്ബുകൾ നിലവിൽ വന്നി ട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ ഗതാഗതനിയമങ്ങൾ പാഠ്യപദ്ധതി യിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും പാഠങ്ങളും വിദ്യാഭ്യാസവകു പ്പിന് കൈമാറിയിട്ടുണ്ട്. സ്കൂളുകൾക്ക് സമീപമുള്ള പ്രദേശങ്ങളിൽ വാഹന ങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് ബോർഡുകൾ സ്ഥാപിക്കുക, ആവശ്യ മുള്ള സ്ഥലങ്ങളിൽ ഹംപുകൾ സ്ഥാപിക്കുക, സീബ്രാ വരകൾ വരയ്ക്കുക, ഫുട്പാത്തുകൾ മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ചെയ്തുവരുന്നുണ്ട്. നിലവിൽ ട്രാഫിക് ഡ്യൂട്ടി നോക്കിവരുന്ന പോലീസുദ്യോഗസ്ഥർക്ക് പുറമേ, സ്കൂൾ പരിസരത്ത്

കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യ മായ സഹായം നൽകിവരുന്നുണ്ട്. രാവിലെ 9 മണി മുതൽ 10 മണിവരെയും വൈകിട്ട് 3.30 മുതൽ 4.30 വരെയും സ്പീഡ് നിയന്ത്രണം നിയമംമൂലം നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അശ്രദ്ധയോടും അമിതവേഗത യിലും വാഹനമോടിച്ച് അപകടമുണ്ടാക്കുന്നവർക്ക് നൽകുന്ന ശിക്ഷ വർദ്ധി പ്പിക്കുവാൻ മോട്ടോർ വാഹനചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവപരിഗണനയിലാണ്. വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്റ്റേജ് ക്യാരേജ് ഉൾപ്പടെയുള്ള എല്ലാ ഹെവിവാഹന ങ്ങളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ചുകഴിഞ്ഞു. സ്പീഡ് ഗവർണർ ഘടിപ്പി ക്കാത്ത സ്റ്റേജ് ക്യാരേജ് ബസുകളോ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങളോ രജിസ്റ്റർ ചെയ്യുന്നില്ല. വിദ്യാലയങ്ങളുടെ സമീപത്തുള്ള ഓരോ റോഡിലും തദ്ദേശഭരണസ്ഥാപനങ്ങൾ, അദ്ധ്യാപക-രക്ഷകർതൃ സംഘടനകൾ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ എന്നിവ സംയുക്തമായി ചേർന്ന് വേഗപരിധിയും സമയവും ഉൾക്കൊള്ളുന്ന ബോർഡുകൾ സ്ഥാപിക്കാൻ 17-12-2008-ന് ചേർന്ന മന്ത്രിസഭായോഗത്തിൽ തീരുമാനമായിട്ടുണ്ട്. അതാത് പോലീസ് സ്റ്റേഷനുകളിലെ സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കുന്നത്. സ്കൂളുകളിലേയ്ക്ക് ഓട്ടോറിക്ഷകളിൽ കുട്ടികളെ കുത്തിനിറച്ചുകൊണ്ടുപോകുന്നത് തടയാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. അതിന് രക്ഷകർത്താക്കളുടെ സഹകരണം കൂടിയുണ്ടാകണം. യാത്രാ അവകാശം സംരക്ഷിച്ച് അതാതു സ്ഥലങ്ങളിൽ വാഹനങ്ങൾ നിറുത്തി കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വാഹനാപകടങ്ങൾ വരുത്തുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഇരിക്കൂർ വാഹനാപകടത്തിനിടയാക്കിയ ഡ്രൈവർക്കെതിരെ നരഹത്യക്ക് കേസ് എടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 93 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)